**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5219** **12-08-2021 - ൽ മറുപടിയ്ക്ക്**

**പ്രളയ സെസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ചരക്ക് സേവന നികുതിക്കൊപ്പം പ്രളയ സെസ് ഏർപ്പെടുത്തിയത് എന്നാണെന്ന് വ്യക്തമാക്കാമോ; | (എ) | 2019 ഓഗസ്റ്റ് 1 മുതലാണ് സംസ്ഥാനത്ത് ചരക്ക് സേവന നികുതിക്കൊപ്പം പ്രളയ സെസ് ഏർപ്പെടുത്തിയത്. |
| (ബി) | ഉല്പന്നങ്ങൾക്ക് എത്ര ശതമാനം വീതമാണ് പ്രളയ സെസ് ഏർപ്പെടുത്തിയിരുന്നതെന്ന് വിശദമാക്കാമോ; | (ബി) | 30-06-2017-ലെ എസ്.ആർ.ഒ. 360/2017-ൽ ഷെഡ്യൂൾ II, III, IV എന്നിവയിൽ വരുന്ന ചരക്കുകളുടെയും സേവനങ്ങളുടെയും സംസ്ഥാനത്തിനകത്തുള്ള കൈമാറ്റങ്ങൾക്ക് 1% പ്രളയ സെസ് ഏർപ്പെടുത്തിയിട്ടുണ്ടായിരുന്നു. എസ്.ആർ.ഒ. 360/2017-ലെ അഞ്ചാം ഷെഡ്യൂളിൽ വരുന്ന ചരക്കുകളുടെ (സ്വർണ്ണം, വെള്ളി മുതലായവ) കൈമാറ്റങ്ങൾക്ക് 0.25% പ്രളയ സെസ് ഏർപ്പെടുത്തിയിട്ടുണ്ടായിരുന്നു. |
| (സി) | ഇതിലൂടെ ലക്ഷ്യം വച്ചിരുന്ന തുകയേക്കാൾ കൂടുതൽ പിരിഞ്ഞു കിട്ടിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ? | (സി) | 2019-20-ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതനുസരിച്ച് (ഖണ്ഡിക 256) പ്രളയ സെസ് മുഖേന പ്രതിവർഷം 600 കോടി രൂപ അധിക വരുമാനം വരുമെന്നാണ് പ്രതീക്ഷിച്ചത്. 01-08-2019 മുതൽ 30-06-2021 വരെയുള്ള കണക്കനുസരിച്ച് 1929.78 കോടി രൂപ പ്രളയ സെസ്സിലൂടെ സമാഹരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ